(ബി) അക്കൗണ്ടന്റ് തസ്തികയിൽ നിന്നും സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്കും, ക്ലാർക്ക് ഗ്രേഡ് -I തസ്തികയിൽ നിന്നും അക്കൗണ്ടന്റ് തസ്തികയിലേക്കും യഥാസമയം പ്രൊമോഷൻ നൽകാത്തതിനാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യഥാസമയം പ്രൊമോഷൻ നൽകി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 71 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. 12 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 15 ഒഴിവുകൾ ഉണ്ട്. 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുണ്ട്.

(ബി) പ്രൊമോഷൻ നൽകാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

ഖാദി ഗ്രാമവ്യവസായ വികസന പദ്ധതികൾ

150 (535) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ഖാദി ഗ്രാമവ്യവസായ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളികൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി. ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉൽപ്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനായി തുക നൽകിവരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ധ്യ വികസനത്തിനുമായി തുക അനുവദിക്കുന്നുണ്ട്. ഗ്രാമ വ്യവസായ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം പദ്ധതി) കഴിഞ്ഞ അഞ്ച് വർഷങ്ങളായി നടപ്പിലാക്കിവരുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP) നടപ്പിലാക്കിവരുന്നു. തേനീച്ച വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായങ്ങൾക്കുവേണ്ടി ഖാദി ഗ്രാമവ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വരുമാന പൂരക പദ്ധതി

151 (536) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ വരുമാന പൂരക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി ഉറപ്പുവരുത്തുക എന്നതാണ് വരുമാന പൂരക പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം നിലവിൽ പ്രതിദിനം ആൽപ്പ് തൊഴിലാളിക്ക് 100 രൂപയും നെയ്ത്ത് തൊഴിലാളിക്ക് 120 രൂപയും മിനിമം വേതനം ഉറപ്പാക്കുന്നു. കൂടാതെ ഉല്പാദന ലക്ഷ്യം പൂർത്തിയാക്കുന്നവർക്ക് വേരിയബിൾ ഡി.എ.-യ്ക്കും അർഹതയുണ്ട്.

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ വരുമാന പൂരക പദ്ധതിപ്രകാരം ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സർക്കാർ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly